പോലീസ് വകുപ്പ്

കേരളം

**No. G2-37037/2022/CC**

സിറ്റി പോലീസ് ഓഫീസ്,
കോഴിക്കോട്
cpkkd.pol@kerala.gov.in
04952722673
തീയതി. 01-08-2022

**പുനർ ലേലം**

കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ അധികാര പരിധിയിലുള്ള ഫറോക്ക് പോലീസ് സ്റ്റേഷൻ പരിസരത്ത് സ്ഥിതി ചെയ്യുന്ന പഴയ മൂന്ന് ഡ്യൂപ്ലെക്സ് പോലീസ് ക്വാർട്ടേഴ്സുകൾ ലേലം ചെയ്ത് പൊളിച്ച് നീക്കുന്നതിനായി 27/07/2022 തീയതി ഫറോക്ക് പോലീസ് സ്റ്റേഷൻ പരിസരത്ത് വച്ച് ലേലം നടത്തിയിരുന്നു. എന്നാൽ നിശ്ചയിച്ച വിലക്ക് ലേലം കൊള്ളാൻ ആരും തയ്യാറാകാത്തതിനാൽ നിശ്ചയിച്ച പ്രകാരം ലേലം നടത്താൻ സാധിച്ചില്ല.

മേൽ സാഹചര്യത്തിൽ ഫറോക്ക് പോലീസ് സ്റ്റേഷൻ പരിസരത്ത് സ്ഥിതി ചെയ്യുന്ന പഴയ മൂന്ന് ഡ്യൂപ്ലെക്സ് പോലീസ് ക്വാർട്ടേഴ്സുകൾ പൊളിച്ച് നീക്കം ചെയ്യുന്നതിനുള്ള പുനർ ലേലം **24/08/2022 തീയതി പകൽ 11 മണിക്ക്** ഫറോക്ക് പോലീസ് സ്റ്റേഷൻ പരിസരത്തുവച്ച് പരസ്യമായി ലേലം ചെയ്യുന്നതിന് നിശ്ചയിച്ചിരിക്കുന്നു. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേലത്തിൽ നേരിട്ട് ഹാജരാവേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പ് നിശ്ചിത നിരതദ്രവ്യമായ **Rs: 2,500/-(രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം)** ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങേണ്ടതാണ്. കൂടാതെ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ നിശ്ചിത നിരതദ്രവ്യമായ തുക അടച്ചതിന്റെ Demand Draft കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ പേരിൽ 19/08/2022 തീയതി വൈകീട്ട് 5 മണിവരെ കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ കാര്യാലയത്തിൽ സമർപ്പിക്കാവുന്നതാണ്. കൂടാതെ ദർഘാസ് അടങ്ങിയ കവറിന് പുറത്ത് "പോലീസ് ഡിപ്പാർട്ട്മെൻറ് വക" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ദർഘാസുകൾ നൽകിയിട്ടുള്ളവർ ലേലത്തിന് കൃത്യ സമയത്ത് ഹാജരാവേണ്ടതാണ്. പരസ്യ ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലൊ, ദർഘാസിലൊ എതിലാണോ തുക കൂടുതൽ വരുന്നത് ആയതിന് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കൊടുക്കുന്നതാണ്. ലേലം തൽക്കാലികമായി ഉറപ്പിച്ച ഉടൻ തന്നെ ലേലത്തുകയുടെ പകുതിയും(നിരത ദ്രവ്യം കിഴിച്ച്) 18% GST യും ഉൾപ്പെടെ മുഴുവൻ തുകയും അടച്ച് രസീത് വാങ്ങേണ്ടതും ബാക്കി തുക ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം അടച്ച് കെട്ടിടം സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും പൊളിച്ച് നീക്കം ചെയ്യേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തികിട്ടുന്ന ആൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാറിലേക്ക് മുതൽകൂട്ടുന്നതും കെട്ടിടം പുനർ ലേലം ചെയ്യുന്നതുമായിരിക്കും. പുനർ ലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ആയത് മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതും എന്നാൽ കൂടുതലായി കിട്ടുന്ന തുകക്ക് മുൻ ലേലക്കാരൻ അവകാശി ആയിരിക്കുകയുമില്ല.

മേൽ കെട്ടിടം പരിശോധിക്കണമെങ്കിൽ **20/08/2022** വരെയുള്ള ഏതെങ്കിലും പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 4 മണി വരെ ഫറോക്ക് സ്റ്റേഷൻ ഹൌസ് ഒഫീസറുടെ മുൻകൂർ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. യുക്തമെന്ന് തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലതീയതി മാറ്റിവക്കുന്നതിനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനും ഉള്ള അവകാശം കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിക്ക് ഉണ്ടായിരിക്കുന്നതാണ്.

Srinivas A

ശ്രീനിവാസ് എ, ഐ പി എസ്
ഡെപ്യൂട്ടി പോലീസ് കമ്മീഷണർ
For District Police Chief

സ്വീകർത്താവ് : 1. എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും വ്യാപക പരസ്യം ചെയ്യുന്നതിനായി. 2. ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കോഴിക്കോടിന് പത്ര പരസ്യം ചെയ്യുന്നതിനായി. 3. എ.സി.പി ഫറോക്ക്, ISHO ഫറോക്ക് എന്നിവർക്ക് വ്യാപക പരസ്യം ചെയ്യുന്നന്നതിന് കൂടാതെ ജില്ലാ

ഇൻഫർമേഷൻ ഓഫീസുമായി ബന്ധപ്പെട്ട് പത്രപരസ്യം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ടി പത്രപരസ്യത്തിന്റെ ഒരു പകർപ്പ് ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതാണ്.

പകർപ്പ് : കോഴിക്കോട് സിറ്റിയിലെ എല്ലാ പോലീസ് ഓഫീസർമാർക്കും. ലേല പരസ്യം നോട്ടീസ് ബോർഡിലെ പതിക്കുന്നതിനായി.

Internal Administrative Processing System iAPS KERALA POLICE